(ബി) നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഈ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ വേണ്ട നടപടി ഉടനടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) 7-3-1986-ലെ സ. ഉ. (പി) 18/86/പ്ലാനിംഗ് പ്രകാരം 2-8-1984-ൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ജീവനക്കാരെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരത്തോടുകൂടി സ്ഥിരപ്പെടുത്തേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിൻപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ജോലി ചെയ്തിരുന്ന മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനായി കോർപ്പറേഷൻ 14-5-1986-ൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരം തേടിയിട്ടുണ്ട്. അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) നടപടി കൈക്കൊണ്ടിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ

തിരുവനന്തപുരം ഓഫീസുവഴി നൽകിയ വാഹനങ്ങൾ

723 [1207] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസുവഴി തൊഴിൽരഹിതരായ ഹരിജനങ്ങൾക്ക് നൽകിയ വാഹനങ്ങൾ പലവിധമായ എൻജിൻ തകരാറു മൂലം ഓടിക്കാൻ നിവർത്തിയില്ലാതെ ഒതുക്കിയിട്ടിരിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) വണ്ടി ഓടിക്കാൻ നിവർത്തിയില്ലാത്തതുമൂലം ബാങ്കിൽ പലിശയും പലിശയുടെ പലിശയും കൂടിക്കൂടി വരുന്നതിൽനിന്നും ഇവരെ രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തകരാറുള്ള എൻജിൻ ഫിറ്റു ചെയ്ത് നൽകിയ വണ്ടികളിലെ എൻജിനും മറ്റു പ്രധാന പാർട്ട്സുകളും മാറ്റി പുതിയത് നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) വണ്ടിയുടെ വില പൂർണ്ണമായി നിശ്ചയിച്ച് തുക മുഴുവനും ഒരുമിച്ച് വാങ്ങിയശേഷം ചിലർക്ക് വണ്ടി ഏപ്രിൽ മാസം കഴിഞ്ഞ് നൽകുകയും പുതിയ ഫിനാൻഷ്യൽ ഇയറിൽ വില കൂടി എന്നു പറഞ്ഞ് 1,400 രൂപ വീതം ഗുണഭോക്താവിൽനിന്നും വീണ്ടും വാങ്ങിയ നടപടി സംബന്ധിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. കോർപ്പറേഷൻ ഇടപെട്ട് ഓട്ടോനിക്ഷ നന്നാക്കികൊടുത്തിട്ടുണ്ട്.

(സി) ബാങ്കിലേക്കുള്ള കുടിശ്ശിക അടയ്ക്കുന്നതിൽനിന്ന് ഇവരെ രക്ഷിക്കാൻ പ്രത്യേകമായൊന്നും ചെയ്യുവാൻ സാധിക്കുകയില്ല.

(ഡി) കേരളാ ഓട്ടോ മൊബൈൽസിന്റെ വാറൻറി പ്രകാരം അറ്റകുറ്റപണികളും കേടായ ഭാഗങ്ങൾ മാറിവയ്ക്കലും സൗജന്യമായി ചെയ്തുകൊടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ, &എഫ്) പരാതി കിട്ടിയിട്ടുണ്ട്. വണ്ടിയുടെ ലഭ്യത അനുസരിച്ചേ വണ്ടി വിതരണം ചെയ്യാൻ സാധിക്കൂ. അന്നന്നു നിലവിലുള്ള വിലയ്ക്ക് മാത്രമേ കമ്പനിക്കാർ ഓട്ടോറിക്ഷ നൽകുകയുള്ളൂ. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേകമായി ഒന്നും ചെയ്യാൻ നിവർത്തിയില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡ്

724 [1208] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡിൽ ഇപ്പോൾ എത്ര അംഗങ്ങളാണ് ഉള്ളതെന്നും അവരുടെ പേരും മേൽവിലാസവും എന്താണെന്നും വ്യക്തമാക്കുമോ ;

(ബി) അവർ ഓരോരുത്തരും പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെയും ഉപജാതികളുടെയും പേരുകൾ പറയുമോ ;

(സി) കോർപ്പറേഷന്റെ ചെയർമാൻ തുടർച്ചയായി എത്രാമത്തെ പ്രാവശ്യമാണ് ചെയർമാനായിട്ടുള്ളത് ?

ഉത്തരം

(എ) 15 അംഗങ്ങളാണുള്ളത്. പേരും മേൽവിലാസവും താഴെ ചേർക്കുന്നു.

അനൗദ്യോഗികാ ഗങ്ങൾ

1. ശ്രീ. കെ. ശിവദാസൻ,
ബ്ലോക്ക് നമ്പർ-94, ഹരിജൻ കോളനി,
കുടവൂർ, പി: ഒ. (വഴി) മുരുക്കുമ്പുഴ,
തിരുവനന്തപുരം.
2. ശ്രീ. എം. സി. കുട്ടപ്പൻ,
മുണ്ടപ്ലാക്കൽ വീട്, മുരിക്കശ്ശേരി പി. ഒ.
ഇടുക്കി.
3. ശ്രീ. എ. ബലറാം, കോൺഗ്രസ് ഹൗസ്,
വയനാട് റോഡ്, കോഴിക്കോട്-11.
4. ശ്രീ. സി. സി. കുഞ്ഞൻ, ചിന്തനിൽ ഹൗസ്,
പാഴൂർ പി. ഒ., പിറവം.
5. ശ്രീ. പി. നീലകണ്ഠൻ മാസ്റ്റർ, മണ്ണാംകോണം,
മൺവിള, കുളത്തൂർ പി. ഒ., തിരുവനന്തപുരം.
6. ശ്രീമതി സുമതി ചെല്ലപ്പൻ, വിജയമോഹിനി മില്ലിനു സമീപം,
തിരുമല പി. ഒ., തിരുവനന്തപുരം.
7. ശ്രീ. എൻ. ഗണപതി, എക്സ്. എം. എൽ. എ.
മുത്തൻമുടി, മൂന്നാർ പി. ഒ.

ഔദ്യോഗികാംഗങ്ങൾ

1. ശ്രീ. എ. കെ. അഗർവാൾ, ജോയിന്റ് സെക്രട്ടറി (ബാങ്കിംഗ്),
മിനിസ്ട്രി ഓഫ് ഫിനാൻസ്, ഡിപ്പാർട്ടുമെന്റ് ഓഫ്
ഇക്കണോമിക് അഫയേഴ്സ്, ന്യൂഡൽഹി.
2. ശ്രീ. എസ്. പി. അഗർവാൾ, ഡയറക്ടർ,
മിനിസ്ട്രി ഓഫ് വെൽഫയർ, ഗവൺമെന്റ് ഓഫ് ഇൻഡ്യ,
ന്യൂഡൽഹി.
3. ശ്രീ. സി. പി. നായർ, മുഖ്യമന്ത്രിയുടെ സെക്രട്ടറി.

LIBRARY ARCHIVES Kerala Legislative Assembly